**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3912** **03-03-2023 - ൽ മറുപടിയ്ക്ക്**

**താമരശ്ശേരി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത 0687/2022 നമ്പർ എഫ്.ഐ.ആർ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | താമരശ്ശേരി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത 0687/2022 നമ്പർ എഫ്.ഐ.ആർ.-ൽ ഉൾപ്പെട്ട പ്രതികളുടെ പേരും വിലാസവും ലഭ്യമാക്കുമോ; ഇവർക്കെതിരേയുള്ള പരാതിയുടെ വിശദാംശം നൽകാമോ; | (എ) | ഷോബൽ തോമസ് എന്നയാൾ ഡയറക്ടറായുള്ള താമരശ്ശേരി മലബാർ പ്രൊഡ്യൂസ് & റബ്ബർ കമ്പനിയിലേക്ക് 05.12.2022 - ൽ 14.00 മണിക്ക് പ്രതികൾ അതിക്രമിച്ച് കയറി ടിയാൻ സഞ്ചരിച്ചിരുന്ന കാർ തടഞ്ഞ് നിർത്തി കൊല്ലുമെന്ന് ഭീഷണിപ്പെടുത്തിയതുമായി ബന്ധപ്പെട്ട് അന്യായക്കാരനായ ഷോബൽ തോമസ് സമർപ്പിച്ച പരാതിയിൽ താമരശ്ശേരി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത 0687/2022 നമ്പർ എഫ്ഐ.ആർ -ലെ ഒന്നാം പ്രതി റഫീക്ക് (S/o സെയ്ഫുദ്ദീൻ, കല്ലാരം കെട്ടിൽ ഹൗസ്, അമ്പായത്തോട്, താമരശ്ശേരി), രണ്ടാം പ്രതി ജിഷ്ണു വിനോദ് (S/o വിനോദൻ, കാറ്റാടി കുന്നുമ്മൽ ഹൗസ്, താമരശ്ശേരി പി.ഒ), മൂന്നാം പ്രതി ഫിർദൌസ് കെ.കെ. (S/o അബ്ദുൾ കരീം, ഒറ്റപിലാക്കിൽ ഹൗസ്, താമരശ്ശേരി പി.ഒ.) എന്നിവരാണ്. ടി കേസ് നിലവിൽ അന്വേഷണാവസ്ഥയിലാണ്. |
| (ബി) | പ്രസ്തുത പോലീസ് സ്റ്റേഷൻ പരിധിയിൽ എരഞ്ഞോണ അബ്ദുൽ കരീം വധക്കേസിലെ പ്രതികളുമായി 0687/2022 നമ്പർ കേസിലെ പ്രതികൾക്ക് ബന്ധമുണ്ടോ; വിശദമാക്കാമോ; | (ബി) | താമരശ്ശേരി പോലീസ് സ്റ്റേഷൻ ക്രൈം നം. 0687/2022 നം. കേസിലെ പ്രതികളായ റഫീക്ക്, ഫിർദൌസ് എന്നിവർ ക്രൈം ബ്രാഞ്ചിന്റെ അന്വേഷണത്തിലിരിക്കുന്ന (CBCR No.58/CB/KKD&WYD /14) എരഞ്ഞോണ അബ്ദുൾ കരീം വധക്കേസിലെയും പ്രതികളാണ്. |
| (സി) | ഒരു കേസിൽ കോടതിയുടെ കർശന ഉപാധികളോടെ ജാമ്യത്തിലിറങ്ങിയ പ്രതികൾ മറ്റ് കുറ്റ കൃത്യങ്ങളിൽ ഏർപ്പെടുന്ന പക്ഷം ജാമ്യം റദ്ദ് ചെയ്യുന്നതിന് വ്യവസ്ഥയുണ്ടോ; വിശദമാക്കാമോ? | (സി) | ജാമ്യം അനുവദിക്കുന്ന സമയത്ത് കോടതി ഉത്തരവിലെ നിബന്ധനകൾക്ക് വിരുദ്ധമായി പ്രതികൾ പ്രവർത്തിക്കുന്ന പക്ഷം ജാമ്യം റദ്ദ് ചെയ്ത് ഉത്തരവാകുന്നതിനു വേണ്ടി കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചു നടപടി സ്വീകരിച്ചു വരുന്നുണ്ട്. കോഴിക്കോട് ക്രൈംബ്രാഞ്ച് അന്വേഷിച്ചു വരുന്ന എരഞ്ഞോണ അബ്ദുൾ കരീം വധക്കേസ്സിലെ (CBCR No.58/CB/KKD&WYD/14) പ്രതികളായ ഫിർദൌസ്, റഫീക് എന്നിവർ താമരശ്ശേരി ക്രൈം |

| | | | |
|---|---|---|---|
| | | | നം. 687/22 കേസ്സിൽ ഉൾപ്പെട്ടതായി അറിവായിട്ടുള്ളതിനാൽ ഇത് സംബന്ധിച്ച് താമരശ്ശേരി പോലീസിനോട് ക്രൈം ബ്രാഞ്ച് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. മേൽ പ്രതികൾ ജാമ്യവ്യവസ്ഥ ലംഘിച്ചതായി കാണുന്ന പക്ഷം ജാമ്യം റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ